**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല – കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അബ്ദുൾ നാസറിനെതിരായ അച്ചടക്ക നടപടി - അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ രാമൻകുട്ടിയെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1284/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 24.06.2019

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.10.2014-ലെ ഇ 9(എസ് സി 72/2013/പികെടി)39884/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 27.02.2015-ലെ 706/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീ. അബ്ദുൾ നാസർ സമർപ്പിച്ച പ്രതിവദ പത്രിക

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് അനധികൃത പാറമണൽ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അബ്ദുൾ നാസറിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ നാസറിനെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. അബ്ദുൾ നാസർ പരാമർശം (3) പ്രകാരം പ്രതിവാദ പത്രികയിൽ ഐ.എ.വൈ. ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ വീടുകൾ നിർമ്മിക്കുന്നതിന് ചുരുങ്ങിയ നിരക്കിൽ മണൽ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് 2013-14 സാമ്പത്തിക വർഷത്തിൽ മട്ടിമണൽ നിർമ്മിക്കുന്നതിന് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയിട്ടുള്ളതെന്നും ലൈസൻസുകളിൽ ഒരാളായ ശ്രീ. രാജൻ എന്നവർക്ക് നിലംവകകളിൽപ്പെട്ട സ്ഥലങ്ങളിൽ ലൈസൻസ് നൽകിയത് മറ്റു ജോലികളുടെ ഇടയിൽ ഉണ്ടായ നോട്ടപ്പിശക് ആണെന്നും ആയത് മാപ്പക്കണമെന്നും ശ്രീ. അബ്ദുൽ നാസർ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അബ്ദുൾ നാസറിനെതിരെ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത്. കൂടാതെ ശ്രീ. അബ്ദുൾ നാസർ 31.03.2019-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുമുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം (3) പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കേണ്ടതുമുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. അബ്ദുൾ നാസറിനെതിരായ ആരോപണങ്ങളിന്മേൽ, അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ രാമൻകുട്ടിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. രാമൻകുട്ടി, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്
   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ. അബ്ദുൾ നാസർ, മുൻ സെക്രട്ടറി, കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.706/ഇപിബി3/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ